# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 35** **February 2020** **No. 02**

## എഡിറ്റോറിയൽ

വിജയം ആഗ്രഹിക്കാത്തവർ സാമാന്യബുദ്ധിയുള്ളവരിൽ ആരും കാണുകയില്ല. എന്നാൽ ഓരോരുത്തരുടേയും വ്യക്തിപരമായ ജീവിതം പരിശോധിച്ചാൽ വിജയം എന്നാലെന്തെന്നും പരാജയം എന്നാലെന്തെന്നും കാണാൻ കഴിയും. എന്തിലാണ് വാസ്തവത്തിൽ നാം വിജയിക്കേണ്ടത്? അതെങ്ങനെ സാധിക്കും? എന്തുകൊണ്ടാണ് നിരവധിപേർ പരാജയത്തിൽപെട്ടു നീറുന്നത്? ഈ ചോദ്യങ്ങൾക്കെല്ലാം നാം ഉത്തരം കണ്ടെത്തേണ്ടതുണ്ട്. അവിഹിതവും അന്യായവുമായ പലതും ചെയ്തു സമൂഹത്തിൽ ഉയരാൻ ആഗ്രഹിക്കുന്നവർ ഇന്നു വർദ്ധിച്ചുവരികയാണ്. സത്യസന്ധതയോ വിശ്വസ്തതയോ അവർക്കു പ്രശ്നമല്ല. തട്ടിപ്പു നടത്തി കാര്യം കാണാൻ ശ്രമിക്കുന്ന യുവാക്കൾ ധാരാളം നമ്മുടെ സമൂഹത്തിൽ ഉണ്ട്. അടുത്ത സമയത്തു ഒരു വിവാഹ തട്ടിപ്പുവീരൻ രണ്ടുമൂന്നു വിവാഹങ്ങൾ നടത്തി മറ്റൊരു വിവാഹത്തിനായി മുതിർന്നു പിടിക്കപ്പെട്ടപ്പോൾ വിഷം കഴിച്ചു മരിച്ചു. അവൻ ഏതൊന്നിൽ വിജയിക്കാമെന്നു കരുതിയോ അത് അവനെ പരാജയത്തിലെത്തിച്ചു. അവസാനം അവന്റെ ജീവനും നഷ്ടമായി. ജീവിതത്തിൽ ഇതുപോലെ പലതും ചെയ്തിട്ടു വിജയിക്കാതെ വന്നു ആത്മഹത്യ ചെയ്തവർ ഏറെയാണ്. അവർ വാസ്തവത്തിലുള്ള വിജയം എന്തെന്നു തിരിച്ചറിയുന്നില്ല.

സാമ്പത്തിക പരാധീനത, വിശ്വാസ വഞ്ചന, ചതി, തീരാ രോഗം, അപ്രതീക്ഷിത നഷ്ടങ്ങൾ എന്നിങ്ങനെ നീണ്ടുപോകുന്നു പരാജയസാഹചര്യങ്ങൾ. പരീക്ഷകളിൽ പാസാകാതെ കുട്ടികൾ പരാജയഭീതി നേരിടാനാകാതെ ഏതാനുംപേർ ജീവനൊടുക്കികളഞ്ഞിട്ടുണ്ട്. അവരും വാസ്തവത്തിൽ ജീവിത വിജയത്തെ തിരിച്ചറിയാത്തരാണ്. ഏതൊന്നിൽ നിങ്ങൾ പരാജയപ്പെടുന്നു എന്നതു മുഖ്യം. ദൈവം നിങ്ങളിൽ നിന്നും ആഗ്രഹിക്കുന്നതു നിവർത്തിക്കുന്നതിൽ നിങ്ങൾ വിജയിക്കുന്നുണ്ടോ എന്നാണ് ചിന്തിക്കേണ്ടത്. അനവധിപേർ അങ്ങനെയല്ല ചിന്തിക്കുന്നത്. സമൂഹദൃഷ്ടിയിൽ വില കല്പിച്ചിരിക്കുന്നവയുമായി നമ്മുടെ ജീവിത്തെ താരതമ്യം ചെയ്യുന്നവരാണ് അധികവും. നാം വില കല്പിക്കേണ്ടതു ദൈവം വില കല്പിച്ചിരിക്കുന്നതിനാണ്. അതെന്താണെന്നു നാം നോക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കാൻ മനുഷ്യർ പലമാർഗ്ഗങ്ങളും ആരായുന്നുണ്ട്. ദൈവം നിർദ്ദേശിച്ചിട്ടുള്ള വഴി അവലംബിക്കുക എന്നതാണ് ശരിയായ പ്രതിവിധി. ദുർമാർഗ്ഗമോ അന്ധവിശ്വാസത്തിൽ നിന്നും ഉരുത്തിരിഞ്ഞ ദുർമ്മാർഗ്ഗങ്ങളോ പരിഹാരമല്ല. അവ പ്രശ്നം രൂക്ഷമാക്കുകയേ ഉള്ളൂ. ഉദാഹരണമായി ജപിച്ചു ചരട് കെട്ടുകയോ ഏലസ് അണിയുകയോ ചെയ്താൽ ഒരു ഫലവും കിട്ടുകയില്ല. നിങ്ങളുടെ മനസ്സിൽ മാത്രം അല്പം ആശ്വാസം കിട്ടും. അത്രയുമേയുള്ളൂ.

ലോകത്തെ അതിജീവിച്ചുകൊണ്ടാണ് യേശുക്രിസ്തു വിജയിച്ചത്. മരണത്തെപ്പോലും അതിജീവിച്ചവനാണ് കർത്താവ്. കർത്താവ് നമുക്ക് കാണിച്ചിരിക്കുന്ന മാർഗ്ഗം ജഡികമായ ഉയർച്ചയല്ല. ജഡികമായ ഏതു ചിന്തയും നമ്മെ അധഃപതിപ്പിക്കും. ആത്മീയ ചിന്തയോ നമ്മെ ജീവിപ്പിക്കും. സ്വാർത്ഥമായ ഇഛകൾ സ്വയം ഉയരുവാൻ സഹായിക്കുമെന്ന് വ്യാജമായി മനുഷ്യനെ തെറ്റിദ്ധരിപ്പിക്കുന്നു. ശരിയായി പഠിക്കാതെ പരീക്ഷ കോപ്പിയടിച്ച് എഴുതി പാസ്സാകാം എന്നു ഒരു വിദ്യാർത്ഥി വിചാരിച്ചാൽ അത് പിടിക്കപ്പെട്ടു കഴിഞ്ഞാൽ അവനെ നിരാശനാക്കും. അതുപോലെ വ്യാജമായ മാർഗ്ഗത്തിലൂടെ സ്വത്ത് സമ്പാദിച്ചാലും പിടിക്കപ്പെടുമ്പോൾ ഫലം നിരാശയും ദുഃഖവും ലജ്ജ

യുമായിരിക്കും. അപ്പോൾ ഇതൊന്നുമല്ല നമ്മുടെ വിജയത്തിനായി ദൈവം വച്ചിരിക്കുന്നത്. ഈ ലോകത്തുള്ള പദവികളോ സ്ഥാനങ്ങളോ ഒന്നും നമ്മെ വാസ്തവത്തിൽ വിജയിപ്പിക്കുന്നില്ല. നമ്മെ ദൈവം ഈ ഭൂമി എന്ന ഓട്ടക്കളത്തിൽ ഓടുന്നതിനായി നിയമിച്ചിരിക്കുന്നു. പിന്തുടരുവാൻ ഒരു മാതൃകയും തന്നിട്ടുണ്ട്. കർത്താവ് ഈ ഭൂമിയിൽ വന്ന് ഏതാണ്ട് മൂന്നരവർഷം കൊണ്ട് ഈ ലോകത്തിലെ സകല ദുഷ്ട ശക്തികളെയും ജയിച്ചു. ദിവ്യ സ്വഭാവത്താൽ അവൻ സകലത്തെയും തനിക്കു കീഴ്പ്പെടുത്തി.

ആത്മാവിന്റെ സഹായത്താൽ മാത്രമെ ജഡിക മനുഷ്യന് വിജയിക്കാൻ സാധിക്കൂ. ദൈവവചനത്തിൽ വിശ്വസിക്കയും, നിയമരഹിതമായ, അധാർമ്മികമായ ജീവിതം മതിയാക്കുകയും ചെയ്യണം. നീതിയുടേയും സത്യത്തിന്റേയും പാതയിൽ കൂടെ വേണം ഓടുവാൻ. ഹൃദയത്തിൽ വിശ്വാസം അരക്കിട്ടുറപ്പിക്കണം. യേശു ദൈവപുത്രനാണെന്ന് ഹൃദയത്തിൽ ഉറച്ചു വിശ്വസിക്കുകയും അധരം കൊണ്ട് ഏറ്റുപറയുകയും ചെയ്ത് പാപമോചനത്തിനായി സ്നാനമേല്ക്കയും ചെയ്യണം. അത്രയും നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായാൽ കർത്താവ് നിങ്ങളെ ആത്മീയമായി രക്ഷിക്കും. തുടർന്നു മരണത്തോളം അവന്റെ കല്പനകളും ഉപദേശങ്ങളും നിങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കി ദൈവത്തെ ആരാധിച്ച്, അവനെ സേവിച്ച് മുമ്പോട്ട് ഗമിച്ചാൽ നിത്യമായും നിങ്ങൾ വിജയിയായിത്തീരും. ഇതു സ്ഥിരമായ യാഥാർത്ഥ്യമാണ്.

★

# ദേശത്തിൽ ഒരു ക്ഷാമം

## ക്ലെം തർമാൻ

"അന്നാളിൽ ഞാൻ ഉച്ചക്കു സൂര്യനെ അസ്തമിപ്പിക്കയും പട്ടാപ്പകൽ ഭൂമിയെ ഇരുട്ടാക്കുകയും ചെയ്യും. ഞാൻ നിങ്ങളുടെ ഉത്സവങ്ങളെ ദുഃഖമായും നിങ്ങളുടെ സന്തോഷത്തെ

വിലാപമായും മാറ്റും. ഏതു തലയിലും കഷണ്ടിയും വരുത്തും. ഞാൻ അതിനെ ഒരു ഏകജാതനെക്കുറിച്ചുള്ള വിലാപം പോലെയും അതിന്റെ അവസാനത്തെ കയ്പുള്ള ദിവസം പോലെയും ആക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. അപ്പത്തിനായുള്ള വിശപ്പല്ല, വെള്ളത്തിനായുള്ള ദാഹവുമല്ല, യഹോവയുടെ വചനത്തെ കേൾക്കേണ്ടതിനുള്ള വിശപ്പു തന്നെ ഞാൻ ദേശത്തേക്കു അയക്കുന്ന നാളുകൾ വരുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട് (ആമോസ് 8:9-11).

1930-കളിൽ പടിഞ്ഞാറെ ഓക്ലഹോമയിൽ "വലിയൊരു സാമ്പത്തിക ഇടിവു" സംഭവിച്ചു. അന്നു ഞാൻ കുട്ടിയായിരുന്നു. ഇന്നു വലിയ പട്ടണങ്ങളിൽ കാണുന്ന "ആഹാരനിരകൾ" അതു ഒരിടത്തും എനിക്കു കാണാൻ കഴിഞ്ഞിരുന്നില്ല. മഴയുടെ അഭാവം മൂലം ഫലപുയിഷ്ടമായിരുന്ന ഭൂമിയെല്ലാം തരിശു നിലമായി ഉണങ്ങിക്കിടക്കുന്നതു ഞാൻ കണ്ടു. പൊടി നിറഞ്ഞ കാറ്റ് അന്തരീക്ഷത്തെ അക്ഷരികമായിത്തന്നെ ഇരുട്ടിലാഴ്ത്തി. അതുകൊണ്ട് കോഴികൾ നട്ടുച്ചക്കു കൂകുന്നതു ഞാൻ കേട്ടിട്ടുണ്ട്! വേലികളെല്ലാം ചവറും മണലും കൂടിക്കിടക്കുന്ന കാഴ്ചയും കാണാമായിരുന്നു. കന്നുകാലികൾക്കു തിന്നുവാൻ പുല്ലും ഇല്ലാതായി. ആ വരൾച്ച ഒരു ദേശത്തെ മുഴുവനും കഷ്ടത്തിലാക്കി. അങ്ങനെ അനേക കുടുംബങ്ങൾ അവിടെ നിന്നു മറ്റൊരു പ്രദേശത്ത് ഇങ്ങനെ ആയിരിക്കയില്ല എന്നു വിചാരിച്ച് കാലിഫോർണിയയിലേക്ക് ഉള്ളതെല്ലാം എടുത്തുകൊണ്ട് പോയി. അതിൽ ഞങ്ങളുടെ കുടുംബവും ഉൾപ്പെട്ടിരുന്നു. ഞങ്ങൾക്കു പട്ടിണി കിടക്കേണ്ടി വന്നില്ല. പക്ഷേ കന്നുകാലികൾ വളരെ ക്ഷീണിച്ചു പോയതായി ഞാൻ കണ്ടു.

ഒരു ഞായറാഴ്ച സഭയിൽ, യോഹന്നാൻ 6:48-51 വരെയുള്ള ഭാഗങ്ങളിൽ യേശുവിന്റെ വാക്കുകൾ ഞങ്ങൾ പഠിച്ചത് ഓർക്കുന്നു. "ഞാൻ ജീവന്റെ അപ്പം ആകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ തിന്നിട്ടും മരിച്ചുവല്ലോ. ഇത് തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിനു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്ന അപ്പം ആകുന്നു. ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവി

ക്കും. ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു" (യോഹന്നാൻ 6:48–51). ഞങ്ങൾക്ക് ആശ്വാസമോ, പ്രത്യാശയോ നല്കുവാൻ മറ്റൊന്നുമില്ലായിരുന്നതു കൊണ്ട് അക്കാലത്ത് മതം ധ്രുതഗതിയിൽ വളർന്നു. അത് യഥാർത്ഥത്തിലുള്ള ക്ഷാമമായിരുന്നു. എന്നാൽ ആമോസ് പറയുന്ന അക്കാലത്തുണ്ടായ ക്ഷാമം അതിരൂക്ഷമായിരുന്നു. ദൈവ വചനത്തിനു വേണ്ടിയുള്ള വിശപ്പായിരുന്നു.

## സമൃദ്ധിയുടെ മദ്ധ്യത്തിൽ ഇല്ലായ്മയിലേക്കു നീങ്ങുന്നതാണ് ക്ഷാമം

യേശുവിലുള്ള സമൃദ്ധി വിട്ട് ലോകത്തിന്റെ അഴുക്കുചാലിലേക്ക് ഇറങ്ങുന്നവർ "ജീവന്റെ അപ്പം" ഉപേക്ഷിച്ച് പോകുന്നവരാണ്. അതാണ് പ്രവാചകൻ വിവരിച്ചത്. ഇന്നത്തെ തലമുറയും ഒട്ടും വിഭിന്നമല്ല. അധാർമ്മികതയും അവിഹിതമായ ജീവിതവും സമൂഹത്തിൽ ഉടനീളമുണ്ട്. അശ്ലീല മാസികയും സിനിമയും ടെലിവിഷനും എല്ലാം സ്ത്രീകളെ ഉപയോഗിച്ച് യുവാക്കളുടെ മനസിനെ മലിനപ്പെടുത്തിയിരിക്കയാണ്. ഇന്നു വസ്ത്രധാരണവും ഫാഷനും എല്ലാം സിനിമയിൽ കാണുന്നതു അനുകരിക്കുന്ന യുവതീയുവാക്കൾ വളരെയാണ്. യുവാക്കളെ വഴിതെറ്റിക്കുന്ന ചിന്തകൾ നമ്മുടെ സമൂഹത്തിന് ആപത്താണ്. ജീവന്റെ അപ്പത്തിന് അവൻ സമയം കണ്ടെത്തുന്നില്ല. സമൂഹത്തിൽ കുറ്റകൃത്യങ്ങൾ പെരുകി വരുവാനും ഇതു കാരണമാകുന്നു. ദൈവവിചാരവും ദൈവഭക്തിയും കുട്ടികളിൽ ജനിപ്പിക്കണം. വഴിതെറ്റി, ക്രമം കെട്ടു ജീവിച്ചാൽ ഉണ്ടാകാവുന്ന തിക്തമായ ഫലത്തെ അവരെ പറഞ്ഞു ബോധ്യപ്പെടുത്തി കൊടുക്കണം.

ശമുവേൽ ഒരു ബാലനായിരുന്നപ്പോൾ അന്നത്തെ ജനങ്ങളുടെ മനോഭാവത്തെപ്പറ്റി പറഞ്ഞിരിക്കുന്നു "ആ കാലത്തു യഹോവയുടെ വചനം വളരെ വിലയുള്ളതായിരുന്നു. പ്രത്യേകമായി തിരിച്ചറിഞ്ഞു വ്യക്തമായി ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നവർ ഇല്ലായിരുന്നു. ആളുകൾക്കു ദൈവിക സന്ദേശം ആശ്രയിച്ചു

പോകാനായി ആരും ഇല്ലായിരുന്നു. യിസ്രായേൽ ജനമായിരുന്നു ഈ അവസ്ഥക്കു കാരണമായിത്തീർന്നത്. ജനങ്ങൾ ദൈവത്തിൽ കേട്ട് അനുസരിക്കാൻ താല്പര്യം കാണിക്കാതെ ദൈവത്തിന് അവരെ സഹായിക്കാൻ എങ്ങനെ കഴിയും? ദൈവം അവരെ മുന്ന റിയിച്ചിരുന്നു: "അവർ സമാധാനം അന്വേഷിക്കും. എന്നാൽ അതു ഇല്ലാതെ ഇരിക്കും. അപകടത്തിന്മേൽ അപകടവും ശ്രുതിമേൽ ശ്രുതിയും വന്നുകൊണ്ടിരിക്കും. അവർ പ്രവാചകനോടു ദർശനം അന്വേഷിക്കും; എന്നാൽ പുരോഹിതന്റെ പക്കൽ നിന്നു ഉപദേ ശവും മൂപ്പന്മാരുടെ പക്കൽ നിന്നു ആലോചനയും പൊയ്പ്പോ കും. പ്രഭു സ്തംഭനം ധരിക്കും. ദേശത്തെ ജനത്തിന്റെ കൈകൾ വിറെക്കും, ഞാൻ അവരുടെ നടപ്പിനു തക്കവണ്ണം അവരോടു പകരം ചെയ്യും; അവർക്കു ന്യായമായതുപോലെ അവരെ വിധിക്കും; ഞാൻ യഹോവ എന്നു അവർ അറിയും" (യെഹെ സ്കേൽ 7:26, 27). യിസ്രായേൽ ദൈവത്തെയും അവന്റെ വചന ത്തേയും ഉപേക്ഷിച്ചതു കൊണ്ട് അവരുടെ സഹായത്തിനായുള്ള നിലവിളി ദൈവം നിരസിച്ചു കളഞ്ഞു.

## വചനപ്രകാരമുള്ള ക്ഷാമം

"ക്ഷാമം" എന്ന വാക്ക് അർത്ഥമാക്കുന്നതു സാധനങ്ങളുടെ ദൗർല്ലഭ്യതയും പോരായ്മയും ആണ്. ശരീരത്തിന്റെ ആവശ്യ മായ ആഹാരത്തിന്റെ അപര്യാപ്തതയെക്കുറിച്ചല്ല ഇവിടെ പറ യുന്നത് എന്നാൽ ആത്മാവിന്റെ ആഹാരമാണ്. "ദൈവ വചനം കേൾക്കുന്നതിനുള്ള ആവേശമാണ്. യേശു ജനിക്കുന്നതിനു നൂറു കണക്കിനു വർഷങ്ങൾക്കു മുൻപു എഴുതപ്പെട്ടതാണ് ആമോ സ്. യേശു ജനിച്ചുകഴിഞ്ഞു. ആ മുന്നറിയിപ്പ് അന്നും ഇന്നും ബാധകമാണ്. ബൈബിൾ എല്ലാവർക്കും സുലഭമായി ലഭ്യമാ ണ്. നമ്മുടെ ദേശത്ത് മുഴുവൻ വ്യാപകമായിട്ട് ഉണ്ട്. ബൈബിൾ സാഹിത്യത്തിനും നമ്മുടെ രാജ്യത്ത് കുറവില്ല. കർത്താവിന്റെ സഭയിലെ അംഗങ്ങളിൽ പോലും ബൈബിൾ പഠനവും ധാരാളം ഉണ്ട്. എങ്കിലും പൊതുവിൽ പറഞ്ഞു കേൾക്കാറുള്ളത്, "എനിക്ക് ബൈബിൾ അധികമൊന്നും അറിഞ്ഞുകൂടാ." അവർ പറയുന്നതു ശരിയുമാണ്.

"ജീവന്റെ അപ്പമായ" യേശു ജനങ്ങളോടു പറഞ്ഞു, "നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ല താനും; കണ്ണാൽ കാണും ദർശിക്കയില്ല താനും ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു. അവർ ചെവികൊണ്ടു മന്ദമായി കേൾക്കുന്നു. കണ്ണു അടച്ചിരിക്കുന്നു, അവർ കണ്ണു കാണാതെയും ചെവി കേൾക്കാതെയും ഹൃദയം കൊണ്ടു ഗ്രഹിക്കാതെയും തിരിഞ്ഞുകൊള്ളാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിനു തന്നെ" (മത്തായി 13:14, 15). ദൈവത്തിന്റെ വചനം കേൾക്കേണ്ട ഉത്തരവാദിത്വം ആർക്കാണ്? ശ്രവണ ശക്തിയുള്ള ഏവർക്കും ഉണ്ട്. ദൈവ വചന കേൾവിയാലാണ് ഒരാളിൽ വിശ്വാസം വരേണ്ടത് (റോമർ 10:17). വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. എന്നാൽ കേൾക്കുന്നതിൽ പരാജയപ്പെട്ടാൽ ഫലം അവിശ്വാസമായിരിക്കും. തൽഫലമായി ദൈവപ്രസാദം ലഭിക്കാതെ വരും.

## വെള്ളത്തിന്റെ അഭാവം കൊണ്ട് ക്ഷാമം നേരിടും

പ്രാർത്ഥനയുടെ കുറവ് ക്ഷാമലക്ഷണമാണ്. ആത്മിയ ക്ഷാമം എല്ലാ തലങ്ങളിലുമുണ്ട്. പഴയ നിയമകാലത്തെ യിസ്രായേൽ ജനത്തിന്റെ ജീവിതവും പുതിയ നിയമകാലത്തെ അപ്പൊസ്തലന്മാരുടെ കാലത്തിലും അതു തെളിയിക്കുന്നുണ്ട്. ക്രിസ്തുവിനെ പ്രസംഗിച്ച കുറ്റത്തിന് പത്രൊസിനെയും യോഹന്നാനെയും തടവിലാക്കിയപ്പോൾ എന്തു വേണ്ടിയിരുന്നു എന്നു പിന്നീട് ബോധ്യപ്പെടുത്തുന്നു. അവർ തടവിൽ നിന്നു മോചിക്കപ്പെട്ടു. വിശുദ്ധന്മാർ പ്രാർത്ഥിച്ചു. 'കർത്താവേ, അവരുടെ ഭീഷണികളെ നോക്കേണമേ സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുന്നതിലും നിന്റെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമത്താൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാലും നിന്റെ വചനം പൂർണ്ണ ധൈര്യത്തോടും കൂടെ പ്രസ്താവിപ്പാൻ നിന്റെ ദാസന്മാർക്കു കൃപ നല്കേണമേ" (പ്രവൃത്തി 4:29). പൗലോസും പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നുണ്ട്. "ഞാൻ ചങ്ങല ധരിച്ചു സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായി തുറക്കുമ്പോൾ

എനിക്കു വചനം നല്കപ്പെടേണ്ടതിനും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിന്നും പ്രാർത്ഥിപ്പിൻ" (എഫെസ്യർ 6:10-20).

പഴയ നിയമത്തിൽ പോലും പ്രവാചകൻ "നേരായ പ്രസംഗത്തിന്റെ ആവശ്യകത എടുത്തു കാണിക്കുന്നുണ്ട്." നീ ഇപ്പോൾ ചെന്നു, വരുങ്കാലത്തേക്കു ഒരു ശാശ്വത സാക്ഷ്യമായിരിക്കേണ്ടതിന്നു അവരുടെ മുമ്പാകെ അതിനെ ഒരു പലകയിൽ എഴുതി ഒരു രേഖയായി കുറിച്ചു വെക്കുക. അവർ ദോഷ്ക്ക് പറയുന്ന മക്കളും യഹോവയുടെ ന്യായപ്രമാണം അനുസരിക്കാത്ത സന്തതിയുമല്ലോ. അവർ ദർശകന്മാരോട് ദർശിക്കരുത്, പ്രവാചകന്മാരോടു നേരുള്ളത് ഞങ്ങളോടു പ്രവചിക്കരുത്; മധുരവാക്ക് ഞങ്ങളോടു സംസാരിപ്പിൻ" (യെശയ്യാവ് 30:8-10).

പഴയ നിയമത്തിൽ പോലും പ്രവാചകൻ "നേരായ പ്രസംഗത്തിന്റെ ആവശ്യകത എടുത്തു കാണിക്കുന്നുണ്ട്" നീ ഇപ്പോൾ ചെന്നു, വരുങ്കാലത്തേക്കു ഒരു ശാശ്വത സാക്ഷ്യമായിരിക്കേണ്ടതിന്നു അവരുടെ മുമ്പാകെ അതിനെ ഒരു പലകയിൽ എഴുതി ഒരു രേഖയായി കുറിച്ചുവെക്കുക. അവർ ദോഷ്ക്ക് പറയുന്ന മക്കളും യഹോവയുടെ ന്യായപ്രമാണം അനുസരിക്കാത്ത സന്തതിയുമല്ലോ. അവർ ദർശകന്മാരോട് ദർശിക്കരുത്, പ്രവാചകന്മാരോടു നേരുള്ളത് ഞങ്ങളോട് പ്രവചിക്കരുത്; മധുരവാക്ക് ഞങ്ങളോടു സംസാരിപ്പിൻ" (യെശയ്യാവ് 30:8-10). നമ്മുടെ ഈ കാലത്തിലും ആളുകൾ മൃദുവായ പ്രസംഗങ്ങൾ വേണമെന്നു പറയുന്നവർ കർശനമായ രീതിയിൽ ചിലതു പ്രസംഗിക്കരുതെന്നും പറയുന്നുണ്ട്. പക്ഷേ ദൈവം ഉപദേഷ്ടാക്കന്മാരിൽ നിന്നും ആഗ്രഹിക്കുന്നത് ദൈവത്തിന്റെ ആലോചന മുഴുവൻ പ്രസ്താവിക്കണമെന്നാണ് (പ്രവൃത്തികൾ 20:27). വിട്ടുവീഴ്ച്ച്യും മനുഷ്യരെ പ്രസാദിപ്പിക്കുന്നതും നാമധേയ വിഭാഗങ്ങളുടെ മുഖമുദ്രയാണ്. സത്യത്തെ സ്നേഹിക്കുന്ന നാം സത്യത്തിനു വേണ്ടിയാണ് നിലകൊള്ളേണ്ടത്. ആളുകളെ സന്തോഷിപ്പിക്കുന്നതും പാപത്തെ തുറന്നു കാണിക്കാതിരിക്കുന്നതും വഞ്ചനയാണ്. കർത്താവിന്റെ ദാസൻ ആത്മാവിന്റെ രക്ഷയെ മാത്രം കണക്കിലെടുത്ത് പ്രസംഗിക്കണം.

## ആളുകൾക്ക് ആവശ്യപ്പെടുന്നതാണോ നാം നല്കുന്നത്?

ആളുകൾ ആവശ്യപ്പെടുന്നതു നല്കുക എന്നതു അപകട കരമായ ഒരു പ്രവണതയാണ്. ജനങ്ങളുടെ അവസ്ഥ കണ്ട് കര യുന്ന പ്രവാചകന്റെ വാക്കുകൾ ശ്രദ്ധിക്കുക. "വിസ്മയവും ഭയ ങ്കരവുമായുള്ളതു ദേശത്തു സംഭവിക്കുന്നു. പ്രവാചകന്മാർ വ്യാജ മായി പ്രവചിക്കുന്നു; പുരോഹിതന്മാരും ഒരു കയ്യായി നിന്നു അധികാരം നടത്തുന്നു. എന്റെ ജനത്തിനോ അതു ഇഷ്ടമാകു ന്നു. എന്നാൽ ഒടുക്കം നിങ്ങൾ എന്തു ചെയ്യും? (യിരെമ്യാവ് 5:30-31). ഉപദേഷ്ടാക്കന്മാരുടെ ചുമലിലാണ് ജനങ്ങളോടുള്ള ഉത്തരവാദിത്വം.

സമാധാനം ഇല്ലാതിരിക്കുമ്പോൾ സമാധാനം എന്നു പ്രവ ചിച്ച പ്രവാചകന്മാരുടെ കാലത്ത് സത്യം പ്രവചിച്ച ഏക പ്രവാ ചകനായിരുന്നു യിരെമ്യാവ് (യിരെമ്യാവ് 6:14). പരിഹാരം നിസാ രമാണ്. പലപ്പോഴും അതു നിരാകരിക്കപ്പെടുകയാണ്. യഹോവ യായ ദൈവം തന്റെ ജനത്തോട് പുരാതനമായ നല്ല വഴി നോക്കി അതിൽ നടപ്പിൻ എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം ലഭിക്കും. എന്നാൽ ജനമോ ഞങ്ങൾ നടക്കയില്ല എന്നു പറഞ്ഞു (യിരെമ്യാവ് 6:16). പത്ഥ്യോപദേശം പൊറു ക്കാതെ കർണ്ണരസമാകുമാറം ഉപദേശങ്ങളെ പെരുക്കുന്ന കാലം വരും, അവരുടെ സ്വന്ത മോഹങ്ങൾക്കനുസരിച്ച് അവർ ഉപദേ ഷ്ടാക്കന്മാരേയും നിയമിക്കും. അവർ സത്യത്തിനു ചെവി കൊടു ക്കാതെ കെട്ടുകഥകൾക്കു ചെവി കൊടുക്കും എന്നു മുന്നറിയി ച്ചിട്ടുണ്ട് (2 തിമൊഥെയൊസ് 4:3,4). ഇതിനെ ചോദ്യം ചെയ്യുന്ന ആളുകൾ സുവിശേഷം അനുസരിക്കുവാൻ വെല്ലുവിളി ഏറ്റെ ടുക്കുകയാണ് വേണ്ടത്. ആദ്യം പെന്തെക്കൊസ്തു നാളിൽ സുവി ശേഷ പ്രസംഗം കേട്ടവർ വെല്ലുവിളി ഏറ്റെടുക്കുകയാണ് ചെയ്ത ത്. ആദ്യം പെന്തെക്കൊസ്തു നാളിൽ സുവിശേഷ പ്രസംഗം കേട്ടവർ അതു കൈക്കൊണ്ടു (പ്രവൃത്തികൾ 2:38-41).

## ആത്മീയ ക്ഷാമത്തിന്റെ ലക്ഷണങ്ങൾ

നമ്മുടെ കൂട്ടായ്മയിലേക്ക് പല രീതിയിലുള്ള ആത്മീയ

ലക്ഷണങ്ങൾ പ്രാധാന്യമുള്ളവ എന്നു തോന്നിക്കുമാറ് കടന്നു വരും. എന്നാൽ അതു നമ്മുടെ ഭാവിയിലെ വിശ്വാസവിശുദ്ധിയെ കവർന്നെടുക്കാൻ വരുന്നതാണ്. നാമധേയ വിഭാഗങ്ങളെ മാന സിക തൃപ്തിയിലെത്തിച്ചിരിക്കുന്നതാണ് സാമൂഹ്യസുവിശേഷം. നാം സുവിശേഷ സത്യത്തിലാണ് ആളുകളെ ദൈവത്തിങ്കലേക്കു കൊണ്ടുവരേണ്ടത്. അല്ലാതെ സാമൂഹ്യമായോ സാങ്കേതികമാ യോ, വിനോദപ്രദമായോ ആകരുത്. ആളുകളെ ആകർഷിക്കുക എന്നതല്ല നമ്മുടെ ലക്ഷ്യം. മറിച്ച് സത്യത്താൽ അവരെ അഭിമു ഖീകരിക്കുക. അവരുടെ ആത്മാക്കളുടെ രക്ഷയായിരിക്കണം നമ്മുടെ ലക്ഷ്യം. യേശുക്രിസ്തുവും അപ്പൊസ്തലന്മാരും ജന ത്തിനു നല്കിയതു മാനസികോല്ലാസമോ ശാരീരിക ഇച്ഛകളുടെ നിറവേറ്റലോ ആയിരുന്നില്ല. ദൈവ പദ്ധതി അനുസരിച്ചാലേ ആത്മാക്കൾക്കു പാപത്തിൽ നിന്നുള്ള വിടുതൽ ലഭിക്കയുള്ളൂ.

കൂടുതൽ ബൈബിൾ പഠനമാണ് ആളുകൾക്ക് വേണ്ടത്. ഇതിൽ നിന്നു വ്യതിചലിച്ച് മറ്റു കാര്യങ്ങളിലേക്കു നാം വ്യാപൃ തരാകുമ്പോൾ ദൈവത്തിന്റെ ലക്ഷ്യത്തിൽ നിന്നു നാം അകലു കയാണ്. ദൈവത്തിന്റെ അരുളപ്പാടാണ് നാം പ്രസംഗിക്കേണ്ട ത്. "പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗ ങ്ങൾ കഴിച്ചു സമാധാന യാഗങ്ങളും അർപ്പിച്ചു. ജനം ഭക്ഷി പ്പാനും കുടിപ്പാനും ഇരുന്നു. കളിപ്പാൻ എഴുന്നേറ്റു. അപ്പോൾ യഹോവ മോശയോട്: നീ ഇറങ്ങിച്ചെല്ലുക, നീ മിസ്രയീം ദേശ ത്തുനിന്നു കൊണ്ടുവന്ന നിന്റെ ജനം തങ്ങളെത്തന്നെ വഷളാ ക്കിയിരിക്കുന്നു (പുറപ്പാട് 32:6,7). നമ്മുടെ പ്രസംഗത്തിൽ നാം ആത്മീയതക്കു ഊന്നൽ കൊടുത്തില്ലെങ്കിൽ ആമോസ് പറഞ്ഞ ക്ഷാമം നമുക്കു വരുത്തുകയാണ് ചെയ്യുന്നത്.

"കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രേ മനു ഷ്യപുത്രൻ വന്നത്" (ലൂക്കൊസ് 19:10). നാം അവന്റെ കാൽപ്പാ ടുകളെ പിൻപറ്റണം (1 പത്രൊസ് 2:21). അതായിരിക്കണം നമ്മുടെ ദൗത്യം. ആളുകളുടെ ഭൗതികവും സാമൂഹ്യവുമായ ആവശ്യ ങ്ങൾ നിറവേറ്റുക എന്നതല്ല കർത്താവിന്റെ സഭയുടെ പ്രാഥമിക ലക്ഷ്യം. അതു ആത്മാക്കളുടെ രക്ഷയാണ്. അതിനു ശേഷമാണ്

മറ്റു കാര്യങ്ങൾ വരുന്നത്. പരിജ്ഞാനമില്ലാതെ എന്റെ ജനം നശിച്ചുപോകുന്നു എന്നു ഹോശേയാവിൽ കൂടെ ദൈവം അരുളിച്ചെയ്തിരുന്നു (ഹോശേയാ 4:6). നാം നമ്മുടെ കാലയളവിൽ കർത്താവിന്റെ വചനം ഉപദേശിക്കയും പഠിപ്പിക്കയും ചെയ്താൽ ജനങ്ങൾക്കിടയിൽ ആത്മീയത വളരും. ദൈവത്തിന്റെ ശരിയായ ഉദ്ദേശം ആളുകളുടെ ഹൃദയത്തിൽ പ്രവേശിക്കുവാൻ തുറന്ന ദൈവവചന പഠനം ആവശ്യമാണ്. തർജ്ജനം, ശാസനം, ഗുണീകരണം, നീതിയിലെ അഭ്യാസം, ദീർഘക്ഷമയോടെയുള്ള ഉപദേശം എന്നിവ വചനപ്രകാരം ആളുകൾക്കു നല്കണം. ആത്മാവിന്റെ രക്ഷയും ആത്മിക വർദ്ധനയും ഫലം കിട്ടുന്നതിനായി നമുക്കു യത്നിക്കാം.

✶

# ക്രിസ്തുവിന്റെ രക്തത്തിൽ ശക്തിയുണ്ട്

**ജെ.സി. ചോട്ട്**

ചില ആളുകൾക്കു രക്തം എന്നു കേൾക്കുമ്പോൾ ഭയമാണ്. അവർക്കു രക്തത്തെക്കുറിച്ചുള്ള ചിന്ത അത്ര നന്നായിരിക്കയില്ല. ശരീരം മുറിഞ്ഞാൽ രക്തം പ്രവഹിക്കും. രക്തത്തെ സംരക്ഷിക്കുന്നതു ശരീരത്തിന്റെ ത്വക്ക് ആണല്ലൊ. ശരീരത്തിൽ നിന്നു രക്തം അധികം സ്രവിച്ചാൽ മരണമായിരിക്കും ഫലം. മതപരമായ സംഘടനകളിൽ ചിലതു അവരുടെ പദാവലികളിൽ നിന്നു രക്തമെന്ന പദത്തെ നീക്കം ചെയ്തിരിക്കയാണ്. മാനുഷിക നിലപാട് ഇതൊക്കെയാണെങ്കിലും ദൈവം തന്റെ ജനത്തെ ബോധ്യപ്പെടുത്താൻ ആഗ്രഹിക്കുന്ന പദ്ധതിയിൽ ശരിയായ നടപടി എന്തെന്ന് കാണിച്ചുതന്നിരിക്കുന്നു. കാലഘട്ടം ഏതായാലും!

പഴയ നിയമത്തിൽ മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരമായി മൃഗയാഗം അഥവാ രക്തവഴിപാട് ആവശ്യപ്പെട്ടിരുന്നു. രക്തത്തിനു വളരെയധികം പ്രാധാന്യമുണ്ട്. കാരണം അതു ജീവൻ ആണ്. മാംസത്തിന്റെ ജീവൻ രക്തമാണ് അക്കാരണ

ത്താൽ രക്തം ഭക്ഷിക്കുന്നതു ദൈവം വിലക്കിയിരുന്നു. തിരുവെഴുത്ത് അരുളിച്ചെയ്യുന്നതും, "മാംസത്തിന്റെ ജീവൻ രക്തത്തിലല്ലൊ ഇരിക്കുന്നത് യാഗപീഠത്തിന്മേൽ നിങ്ങൾക്കു വേണ്ടി പ്രായശ്ചിത്തംകഴിപ്പാൻ ഞാൻ അതു നിങ്ങൾക്കു തന്നിരിക്കുന്നു. രക്തമല്ലൊ ജീവൻമൂലമായി പ്രായശ്ചിതതം ആകുന്നത്. അതുകൊണ്ടത്രേ നിങ്ങളിൽ യാതൊരുത്തനും രക്തം ഭക്ഷിക്കരുത്; നിങ്ങളുടെ ഇടയിൽ പാർക്കുന്ന പരദേശിയും രക്തം ഭക്ഷിക്കരുതു എന്നു ഞാൻ യിസ്രായേൽ മക്കളോട് കല്പിച്ചത്" (ലേവ്യാപുസ്തകം 17:11, 12).

പഴയ നിയമവും രക്തത്താൽ പ്രതിഷ്ഠിച്ചതത്രേ. എബ്രായ ലേഖകൻ പറയുന്നു, "മോശെ ന്യായപ്രമാണപ്രകാരം കല്പന ഒക്കെയും സകല ജനത്തോടും പ്രസ്താവിച്ച ശേഷം പശുക്കിടാക്കളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്തെ വെള്ളവും ചുവന്ന ആട്ടുരോമവും ഈസോപ്പുമായി എടുത്തു പുസ്തകത്തിന്മേലും സകല ജനത്തിന്മേലും തളിച്ചു: ഇതു ദൈവം നിങ്ങളോട് കല്പിച്ച നിയമത്തിന്റെ രക്തം എന്നു പറഞ്ഞു. അങ്ങനെ തന്നെ അവൻ കൂടാരത്തിന്മേലു ആരാധനക്കുള്ള ഉപകരണത്തിന്മേലും എല്ലാം രക്തം തളിച്ചു. ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" (എബ്രായർ 9:19-22). തന്റെയും, ജനത്തിന്റേയും പാപങ്ങൾക്കുവേണ്ടി മഹാപുരോഹിതൻ ആണ്ടിലൊരിക്കൽ രക്തവുമായി അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ചിരുന്നു എന്നും എബ്രായ ലേഖകൻ പറയുന്നുണ്ട് (9:7). പിന്നെ എബ്രായലേഖകൻ അവസാനിപ്പിക്കുന്നു, "കാളകളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്തിനു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല" (10:4).

അർപ്പിച്ചിരുന്ന മൃഗങ്ങൾ കൂട്ടത്തിൽ വെച്ചു ഏറ്റവും നല്ലതും, ഊനമില്ലാത്തതും കുറവില്ലാത്തും ആയിരുന്നു. എങ്കിലും അവ മൃഗങ്ങൾ മാത്രമായിരുന്നു. അതുകൊണ്ട് ഒരു തികഞ്ഞ യാഗം ആവശ്യമായിരുന്നു. ആ തികഞ്ഞ യാഗത്തെ അനുസ്മരിപ്പിക്കുന്ന വെറും അടയാളമായിട്ടായിരുന്നു മൃഗയാഗം. മൃഗ

രക്തങ്ങൾക്കു പാപങ്ങളെ നീക്കം ചെയ്യാൻ കഴിയാത്തതു കൊണ്ടും മനുഷ്യർ എല്ലാവരും പാപം ചെയ്തതുകൊണ്ടും സ്വയം രക്ഷിപ്പാൻ കഴിയാതെയുമായി. മറ്റുള്ളവരെയും രക്ഷിപ്പാൻ കഴിയാതെ വന്നു. അപ്പോൾ പിന്നെ ആ തികവുള്ള യാഗം എങ്ങനെ? ജീവനുള്ള ദൈവത്തിന്റെ ഏകജാതനായ പുത്രൻ മാത്രമാണ് അതിനു തയ്യാറായത്. ക്രിസ്തുപാപം കൂടാതെ ജീവിച്ചു. അവൻ പാപം ഒന്നും ചെയ്തില്ല എന്നു പത്രൊസ് പറഞ്ഞു (1 പത്രൊസ് 2:22). അവൻ പാപം കൂടാതെ ജീവിച്ചതുകൊണ്ട്, ന്യായപ്രമാണം പൂർണ്ണമായും പാലിച്ചു, പരീക്ഷണങ്ങളിൽ കൂടാതെ, സർവ്വലോകത്തിന്റെയും പാപങ്ങൾക്കായി അവൻ ക്രൂശിൽ മരിപ്പാൻ ഒരുങ്ങി.

ക്രിസ്തുവിന് രക്തത്തിന്റെ പ്രാധാന്യത്തെ പ്രതിപാദിക്കുന്ന പാട്ടുകൾ നാം പാടാറുണ്ട്. ക്രിസ്തുവിന് ശക്തിയുണ്ട് എന്ന പാട്ട് വളരെ പ്രസിദ്ധമാണ്. നമ്മുടെ പാപക്കറകൾ മായ്ക്കാൻ ക്രിസ്തുവിന്റെ രക്തമല്ലാതെ മറ്റെന്താണുള്ളത് എന്ന മറ്റൊരു പാട്ടും പ്രചാരത്തിലുണ്ട്. അതെല്ലാം എത്ര സത്യമാണ് അല്ലേ? ക്രിസ്തുവിന്റെ രക്തത്തിന്റെ മാഹാത്മ്യം ഏതൊരു മനുഷ്യന്റേയും ആത്മീയ ജീവിതത്തിൽ നിന്നും മാറ്റി നിർത്താവുന്നതല്ല.

രക്ഷിക്കാൻ കഴിയാത്ത ധാരാളം കാര്യങ്ങൾ ഉണ്ട്. മുൻപു സൂചിപ്പിച്ചതുപോലെ മൃഗങ്ങളുടെ രക്തത്തിനു മനുഷ്യരെ രക്ഷിപ്പാൻ സാദ്ധ്യമല്ല. ന്യായപ്രമാണത്തിനും മനുഷ്യരെ ഇന്നു രക്ഷിപ്പാൻ സാദ്ധ്യമല്ല. ന്യായപ്രമാണത്തിന് ആളുകളെ ക്രിസ്തുവിലേക്കു നടത്തുവാനേ കഴിഞ്ഞുള്ളൂ. പൗലൊസ് പറഞ്ഞു, “എങ്കിലും വിശ്വസിക്കുന്നവർക്കു വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിനു തിരുവെഴുത്ത് എല്ലാവരെയും പാപത്തിൽ കീഴടച്ചു കളഞ്ഞു. വിശ്വാസം വരുംമുമ്പേ നമ്മെ വെളിപ്പെടുവാനിരുന്ന വിശ്വാസത്തിന്നായിക്കൊണ്ടു ന്യായപ്രമാണത്തിൻ കീഴ് അടെച്ചു സൂക്ഷിച്ചിരുന്നു. അങ്ങനെ നാം വിശ്വാസത്താൽ രക്ഷിക്കപ്പെടേണ്ടതിനു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു” (ഗലാത്യർ 3:22-25). ന്യായപ്രമാണ പ്രവൃത്തികളാൽ

നമുക്കു രക്ഷ പ്രാപിക്കാൻ സാദ്ധ്യമല്ല എന്നു മാത്രമല്ല, നമ്മുടെ സ്വന്തപ്രവൃത്തികളാലും നമുക്കു രക്ഷിക്കപ്പെടാനാവില്ല. ഇതിനെ സംബന്ധിച്ചു പൗലൊസ് എഴുതിയിട്ടുണ്ട്, "മുമ്പേ നാമും ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും, വഴിതെറ്റി നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാം കഴിക്കുന്നവരും ദ്വേഷിതരും അന്യോന്യം പകെക്കുന്നവരും ആയിരുന്നല്ലോ. എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യ പ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതി പ്രവർത്തികളാലല്ല്, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചത്. നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ട് പ്രത്യാശ പ്രകാരം നിത്യ ജീവന്റെ അവകാശികളായിത്തീരേണ്ടതിന്നു പുനർജ്ജനന സ്നാനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശു ക്രിസ്തു മൂലം നമ്മുടെ മേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നേ" (തിത്തൊസ് 3:3-7).

പൊന്ന്, വെള്ളി മുതലായവ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല നമ്മെ വീണ്ടെടുത്തത് എന്നു പത്രോസ് പറയുന്നു. ദൈവ വിശ്വാസിയായ പത്രോസിന്റെ പ്രസ്താവന ശ്രദ്ധിക്കുക, "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ" (1 പത്രോസ് 1:18:18). ലൗകിക ജീവിതത്തിൽ മനുഷ്യൻ പലതും വില കൊടുത്തും കൈക്കൂലി കൊടുത്തും വാങ്ങുന്നുണ്ട്. എന്നാൽ ആത്മാവിന്റെ രക്ഷ വില കൊടുത്തോ കൈക്കൂലി കൊടുത്തോ വാങ്ങുവാൻ പറ്റുകയില്ല. അതുകൊണ്ട് ഭൗതീക വസ്തുക്കളിൽ ആശ്രയിക്കാതിരിക്കുന്നതാണ് ബുദ്ധി. അവസാനം മതപരമായ ആചാരങ്ങളോ, മാനുഷിക ഉപദേശങ്ങൾ അനുസരിക്കുന്നതോ കൊണ്ട് ഒരു പ്രയോജനവുമില്ല. മനുഷ്യ കല്പനകൾ അനുസരിക്കുന്നവർ സ്വർഗ്ഗത്തിൽ പോകുകയില്ല. "മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതു

കൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു" എന്നാണ് കർത്താവ് പറഞ്ഞത് (മത്തായി 15:9). ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്ന് അതിർകടന്നു പോകുന്നവർ ദുരുപദേഷ്ടാക്കളാണ് അവരോടു കുശലം പറയുന്നവർ അവരുടെ ദുഷ്പ്രവർത്തികൾക്കു കൂട്ടാളികൾ ആകുന്നു എന്നാണ് യോഹന്നാൻ പറഞ്ഞത് (2 യോഹന്നാൻ 11). ഭിന്നതയുണ്ടാക്കുന്നവർ കർത്താവായ യേശുവിനെ അല്ല സേവിക്കുന്നത് എന്നാണ് പൗലോസ് പറഞ്ഞത്. (റോമർ (16:17, 18)

പാപികളായ മനുഷ്യരെ ദൈവ പദ്ധതിയനുസരിച്ചു രക്ഷിക്കുവാൻ ഏക മാർഗ്ഗമാണുള്ളത്. അത് ക്രിസ്തുവിന്റെ യാഗം മുഖാന്തരമാണ്. ആ യാഗത്തിൽ ചിന്തിയ രക്തം ദൈവ സന്നിധിയിൽ സ്വീകാര്യവുമായി. ക്രിസ്തുവിന്റെ രക്തം ഒഴിച്ചു കൂടാനാവാത്തതാണെന്ന് ഊന്നിപ്പറയുന്ന ധാരാളം വേദഭാഗങ്ങൾ നമുക്ക് ഉണ്ട്. ക്രിസ്തുവിന്റെ രക്തം മുഖാന്തരമാണ് നമുക്ക് ദൈവത്തോട് നിരപ്പുള്ളത്. ആ രക്തം മുഖാന്തരമാണ് നമുക്ക് ദൈവത്തിന്റെ സ്നേഹിതന്മാരാകുവാൻ കഴിയുന്നത്. അപ്പൊസ്തലനായിരുന്ന പൌലൊസ് പറയുന്നത്, "അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തേയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി". (കൊലസ്യർ 1:19,20). എഫെസ്യയിലെ ക്രിസ്ത്യാനികൾക്കു പൗലോസ് എഴുതിയപ്പോൾ അവർ ഒരിക്കൽ ദൈവത്തിൽ നിന്നകന്നു ജീവിച്ചിരുന്നു എങ്കിലും ദൈവത്തോട് അടുത്തു വന്നിരിക്കുന്നു. അതു ക്രിസ്തുവിന്റെ രക്തത്താലായിരുന്നു എന്ന് അവരെ ഓർമ്മിപ്പിക്കുന്നു. അവൻ യഹൂദന്മാരേയും ജാതികളേയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം ഇല്ലാതാക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞ് ക്രൂശിന്മേൽ വെച്ചു ശത്രുത്വം ഇല്ലാതാക്കി തന്നിൽ ഒരേ പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിപ്പാനും തന്നേ (എഫെസ്യർ 2:13-17).

ക്രിസ്തുവിനേയും അവന്റെ രക്തത്തേയും കുറിച്ചു അവർക്കു പൗലോസ് എഴുതിയപ്പോൾ പൗലോസ് എഫെസ്യയിലുള്ളവരെ ഓർമ്മിപ്പിക്കുന്നതു, "അവനിൽ അവന്റെ രക്തത്താൽ നമുക്കു പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്" (കൊലൊസ്യർ 1:4). കർത്തൃമേശ സ്ഥാപിച്ചു കൊണ്ട് യേശു പറഞ്ഞു, "ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം" (മത്തായി 26:28, അവന്റെ രക്തത്തോടു ബന്ധപ്പെടുന്നവർ രക്ഷിക്കപ്പെടുന്നവർ കർത്താവിനാൽ അവന്റെ സഭയോട് ചേർക്കപ്പെടുന്നു. (പ്രവൃത്തി 2:47). സഭ യേശുവിന്റെ രക്തത്താൽ സമ്പാദിച്ചതാണ്. എഫെസ്യയിലെ മൂപ്പന്മാരെ പ്രബോധിപ്പിച്ച് പൗലോസ് പറയുന്നതു, "നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനേയും സൂക്ഷിച്ചു കൊൾവിൻ"എന്നാണ് (പ്രവൃത്തി 20:28). ക്രിസ്തു ശരീരമെന്ന സഭയ്ക്കു വേണ്ടിയാണ് മരിച്ചത്. അതായത് രക്തം ചിന്തി സഭയെ വിലക്കു വാങ്ങി. അങ്ങനെയാണ് സഭ നിലവിൽ വന്നത്. നാം വെളിച്ചമായ കർത്താവിലാകുമ്പോൾ, വെളിച്ചത്തിൽ നടക്കുന്നു. വെളിച്ചത്തിൽ നടന്നാൽ നമുക്ക് ക്രിസ്തുവിനോട് കൂട്ടായ്മയുണ്ട്. അങ്ങനെ അവന്റെ രക്തം നമ്മെ സകല പാപത്തിൽ നിന്നും മോചിപ്പിക്കുന്നു. രക്തത്താലുള്ള ശുദ്ധീകരണം ലഭിക്കുന്നത് അങ്ങനെയുള്ളവർക്കാണ്. (1 യോഹന്നാൻ 1:7). അവസാനം അവന്റെ ശരീരത്തിന്റെ ഓർമ്മയ്ക്കായി പുളിപ്പില്ലാത്ത അപ്പവും അവന്റെ രക്തത്തിന്റെ ഓർമ്മയ്ക്കായി മുന്തിരി വള്ളിയുടെ അനുഭവവും ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അനുഭവിക്കണം (പ്രവൃത്തി 20:7).

കർത്തൃമേശ എങ്ങനെ എടുക്കണം എന്ന് പൗലോസ് കൊരിന്ത്യർക്ക് എഴുതുമ്പോൾ നിർദ്ദേശം കൊടുക്കുന്നുണ്ട്. ക്രിസ്തു പറഞ്ഞതു ശരീരത്തിന്റെ ഓർമ്മയ്ക്കായി അപ്പം ഭക്ഷിപ്പാനും രക്തത്തിന്റെ ഓർമ്മയ്ക്കായി അപ്പം ഭക്ഷിപ്പാനും രക്തത്തിന്റെ ഓർമ്മയ്ക്കായി മുന്തിരിവള്ളിയുടെ അനുഭവം കുടിപ്പാനും ആണ് പറ

ഞ്ഞത്. അതു ചെയ്യുമ്പോഴൊക്കെയും അവന്റെ മരണത്തെ പ്രസ്താവിക്കണം. ക്രിസ്തുവിലായിത്തീർന്നവർ തന്നെത്താൻ ശോധന കഴിക്കണം. ക്രിസ്തുവിന്റെ ശരീരത്തെ വിവേചിച്ചു കൊണ്ടു വേണം എടുക്കുവാൻ. അയോഗ്യരായി ഇതിനെ കൈകാര്യം ചെയ്താൽ ബലഹീ നരും രോഗികളും ആകുംഎന്നു മുന്നറിയിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 11:23 –29).

യേശു ക്രിസ്തുവിന്റെ രക്തത്തെക്കുറിച്ചു പറയുവാൻ ഇനിയും വളരെയധികമുണ്ട്. അവൻ രക്തം ചിന്തുവാനുള്ള കാരണം, അതിൽ അടങ്ങിയിരിക്കുന്ന ശക്തി, എന്നിവ വിശദീകരിച്ചാൽ പെട്ടെന്ന് തീരുന്നവയല്ല. നമ്മുടെ സ്ഥല പരിമിതി കൊണ്ട് നാം തിരുവെഴുത്തിൽ നിന്നു കണ്ടതെല്ലാം ഒന്നു ചുരുക്കി നോക്കാം.

1. മനുഷ്യരുടെ പാപങ്ങൾക്കു വേണ്ടി, പാപരഹിതനായി ജീവിച്ച്, ക്രൂശിൽ മരിച്ചു, രക്തം ചിന്തിയതു കൊണ്ട് ക്രിസ്തു ഒരു തികഞ്ഞ യാഗമായി.

2.ക്രിസ്തു രക്തം ചിന്തിയതു കൊണ്ട്, പഴയ നിയമം നീങ്ങപ്പെടുകയും പുതിയ നിയമം അവന്റെ രക്തത്താൽ ഉറപ്പിച്ചു സ്ഥിരമാക്കുകയും ചെയ്തു.

3.ക്രിസ്തുവിന്റെ രക്തത്താലാണ് നാം രക്ഷിക്കപ്പെട്ടത്. നാം അനുസരണത്തിലുടെയാണ് ആ രക്തത്തോട് ബന്ധപ്പെട്ടത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, മനുഷ്യൻ രക്ഷ പ്രാപിക്കേണ്ടതിനു ഏതൊരാളും ക്രിസ്തുവിൽ വിശ്വസിച്ച്, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട്, യേശു ദൈവ പുത്രനാണെന്ന് ഏറ്റു പറഞ്ഞ്, പാപമോചനത്തിനായി സ്നാനം (വെള്ളത്തിൽ അടക്കം) ഏല്ക്കണം. (മർക്കോസ് 16:16, പ്രവൃത്തി 2:38). ഇത്രയും ഒരാൾ ചെയ്യുമ്പോൾ അയാൾ യേശുവിന്റെ രക്തത്തോട് ബന്ധപ്പെടുന്നു. അപ്പോൾ ആ വ്യക്തിക്കു ക്രിസ്തു മരിച്ചതിന്റെ ഫലം ലഭിക്കുന്നു. പാപങ്ങൾ മോചിച്ചു തരുവാൻ കഴിവുള്ളവൻ യേശു ക്രിസ്തു മാത്രമാണ്. പാപങ്ങൾ കഴുകി കളയുന്നത് കർത്താവിന്റെ രക്തമാണ്. “ഇനി താമസിക്കുന്നത് എന്ത്? കർത്താവിന്റെ

നാമം വിളിച്ചപേക്ഷിച്ച് പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളയുക" എന്നു അനന്യാസ് ശൗലിനോട് പറയുകയുണ്ടായി (പ്രവൃത്തി 22:16) ക്രിസ്തു രക്തം ചിന്തുന്നതു പാപങ്ങളുടെ മോചനത്തിനു വേണ്ടിയാണെന്നു കർത്താവ് പറഞ്ഞിരിക്കുന്നു (മത്തായി 26:28; എഫെസ്യർ 1:7).

പത്രോസിന്റെ ആദ്യത്തെ പ്രസംഗത്തിൽ വിശ്വസിച്ച യെഹൂദന്മാരോട് പത്രൊസ് മാനസാന്തരപ്പെട്ട് പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്നു പറഞ്ഞു (പ്രവൃത്തി 2:38). അവർ അതനുസരിച്ചതിന്റെ ഫലമായി രക്ഷിക്കപ്പെട്ടു. അതുകൊണ്ട് കർത്താവ് അവരെ തന്റെ സഭയോട് ചേർത്തു (പ്രവൃത്തി 2:47) ഒരാൾ രക്ഷിക്കപ്പെടുവാൻ ഇതല്ലാതെ മാർഗ്ഗമില്ല. യേശു ക്രിസ്തുവിന്റെ രക്തത്തോട് ബന്ധപ്പെടാതെ പാപമോചനം സാദ്ധ്യമല്ല.

4.കർത്താവിന്റെ സഭ വാങ്ങിയിരിക്കുന്നത് ക്രിസ്തുവിന്റെ രക്തത്താലാണ്. അതുകൊണ്ട്, രക്തത്താൽ വാങ്ങിയ സഭ പ്രാധാന്യമർഹിക്കുന്നതാണ്.

5.ക്രിസ്തു വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടന്നാൽ ക്രിസ്തുവിന്റെ രക്തം നമ്മെ തുടർച്ചയായി ശുദ്ധീകരിച്ചു കൊണ്ടിരിക്കും. അതായതു നാം അവനോട് വിശ്വസ്തതപുലർത്തി ജീവിക്കണം.

6.കർത്താവിന്റെ ശിഷ്യന്മാർ എന്ന നിലയിൽ ക്രിസ്ത്യാനികൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്തുവിനോട് കൂട്ടായ്മ ആചരിക്കുവാൻ കർത്തൃമേശയിൽ നിന്നു പങ്കെടുക്കണം. ക്രിസ്തുവിന്റെ ശരീരത്തെ ഓർമ്മിക്കുവാൻ അപ്പത്തിൽ നിന്നും രക്തത്തെ ഓർമ്മിക്കുവാൻ പാനപാത്രത്തിൽ നിന്നും പങ്കിടണം. രക്ഷിക്കപ്പെട്ടവർ ഇങ്ങനെയാണ് ക്രിസ്തുവിന്റെ യാഗത്തെ ഓർക്കേണ്ടത്.

എന്റെ സ്നേഹിതരേ, ക്രിസ്തു നിങ്ങൾക്കു വേണ്ടിയാണ് മരിച്ചത്. അവൻ രക്തം ചിന്തിയത് നിങ്ങൾക്ക് പാപമോചനം ലഭിക്കേണ്ടതിനാണ്. നിങ്ങൾ അവനിൽ വിശ്വസിക്കുന്നുവോ?

നിങ്ങൾ അവനെ അനുസരിച്ചിട്ടുണ്ടോ? നിങ്ങൾ രക്ഷിക്കപ്പെടുവാൻ അവന്റെ കൽപനകൾ അനുസരിച്ചിട്ടില്ലെങ്കിൽ ഇന്നു തന്നെ അനുസരിക്കുവാൻ ഞങ്ങൾ അപേക്ഷിക്കയാണ്. കർത്താവ് ഇത്രയും വലിയ രക്ഷ നിങ്ങൾക്കായി സൗജന്യമായി നല്കിയിട്ടും സ്വീകരിച്ചില്ലെങ്കിൽ അവസാനം അതെത്ര വലിയ നഷ്ടമാകും എന്ന് ചിന്തിക്കുക.

✶

# വ്യത്യാസം വരുത്തൽ

## ബൈറോൺ നിക്കോൾസ്

ക്രിസ്ത്യാനികൾ വ്യത്യാസം ഉള്ളവരാണ്. സഭയിലുള്ള നാം ദൈവത്തിനുള്ളവരാണ്. നമ്മെ കർത്താവു തന്റെ രക്തത്താൽ സമ്പാദിച്ചതാണ് (പ്രവൃത്തി 20:28). അതാണ് ഒരു വ്യത്യാസം. ആ ബന്ധം ദൈവത്തോട് ഇല്ലാത്ത ആളുകളിൽ നിന്നു നാം വ്യത്യസ്തരാണ്-നാം "അവന്നു പ്രത്യേകതയുള്ള ജനമാണ്, സ്വന്തജനമാണ്" (1 പത്രൊസ് 2:9) ലോകത്തിലുള്ള ആളുകളിൽ നിന്നും നാം വ്യത്യാസമുള്ളവരായി കാണുവാൻ ദൈവവും അവന്റെ പുത്രനും ആഗ്രഹിക്കുന്നു. ഏതെല്ലാം നിലയിലാണ് നാം വ്യത്യാസമുള്ളവരായി തീരേണ്ടതു എന്നു പരിശോധിക്കണം.

ആ ഒരു അറിവു വന്നാലേ നമ്മുടെ ജീവതത്തിൽ ആ മാറ്റം കാണുകയുള്ളൂ. പ്രാധാന്യമുള്ള ജീവിതശൈലി ക്രിസ്തു നമുക്കു കാണിച്ചു തന്നിട്ടുണ്ട്. നമ്മിൽ ദൈവം തന്നിട്ടുള്ള ഉത്തരവാദിത്വത്തിൽപെടുന്നതാണ് ഈ മാറ്റം. ചിന്താഗതിയിലാണ് ആദ്യം വ്യത്യാസം വരേണ്ടത്. ലോകപ്രകാരം മാറുന്ന ജീവിതരീതിയല്ല, ദൈവം ഉദ്ദേശിക്കുന്നത്. അതു തികച്ചും ആത്മീകമാണ്. അപ്പോൾ നമ്മുടെ ആന്തരിക മനുഷ്യനാണ് മാറുന്നത്.

ജീവിക്കേണ്ട പ്രതലം തിരിച്ചറിയണം. നാം ആരാണ് എന്നറിഞ്ഞാലേ, എന്തു ചെയ്യുന്നു എന്ന് ബോധ്യപ്പെടുകയുള്ളൂ. ചുരു

ക്കിപ്പറഞ്ഞാൽ നാം സുബോധമുള്ളവരാകേണം. ദൈവ സ്നേഹമാണ്, സ്നേഹസ്വഭാവമാണ് നമ്മിൽ കാണേണ്ട വ്യത്യാസം. 1 യോഹന്നാൻ 4:8 പറയുന്നതു "ദൈവം സ്നേഹമാകുന്നു, മക്കൾ ആയതുകൊണ്ട് നാമും അവനെപ്പോലെ ആകണം." ദൈവം തന്റെ സ്നേഹം പ്രദർശിപ്പിക്കുകയുണ്ടായി. തന്റെ പുത്രനെ നമുക്കു വേണ്ടി നല്കിയ സ്നേഹത്തേക്കാൾ വലിയ സ്നേഹം മറ്റൊന്നില്ല.

ധാർമ്മികതയിൽ നമ്മുടെ വ്യത്യാസം പ്രകടമായിരിക്കണം. ക്രിസ്ത്യാനിയുടെ നിലവാരം ബൈബിൾ ആണ്. ദൈവം മനുഷ്യനുവേണ്ടി വെളിപ്പെടുത്തിയ സഹായിയാണ് തിരുവെഴുത്തുകൾ. ബൈബിളിലെ മാതൃക നാം പിൻപറ്റിയാൽ നമ്മുടെ ജീവിതത്തിൽ വളരെയധികം ഉയർച്ചയുണ്ടാകും. നാം ബൈബിൾ വായിച്ചാലും പഠിച്ചാലും പോരാ. അതു ജീവിതത്തിൽ അനുസരിക്കണം. വിട്ടുവീഴ്ചയില്ലാതെ പുതിയനിയമം നാം ദൈനന്തിന ജീവിതത്തിൽ പരിശീലിച്ചാൽ ഫലം ഏറ്റവും ഉയർന്നതായിരിക്കും. പിന്നെ അതു മറ്റുള്ളവർ അനുഭവിക്കേണ്ടതിന്നു അവരെ പഠിപ്പിക്കയും ചെയ്യണം. ക്രിസ്ത്യാനികളെ ദൈവം വിളിച്ചു വേർതിരിക്കുന്നത് അവരുടെ ജീവിതം വിശുദ്ധമായിരിക്കാനാണ്. വിശ്വാസിയും അവിശ്വാസിയും തമ്മിൽ ചേരുകയില്ല. വിശുദ്ധനും അശുദ്ധനും തമ്മിൽ വ്യത്യാസമുണ്ട്. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തു യോജിപ്പാണുള്ളത്. ക്രിസ്ത്യാനിയുടെ ലക്ഷ്യമല്ല, ക്രിസ്ത്യാനി അല്ലാത്തവരുടേത്. സഭ എന്നത് ദൈവത്തിന്റെ പ്രത്യേകജനമാണ്. നമ്മുടെ സത്യസന്ധതയും വിശ്വസ്തതയും മറ്റുള്ളവരുടേതിൽ നിന്നും വ്യത്യസ്തമായിരിക്കണം. നമ്മുടെ പ്രവൃത്തികളും ഇടപാടുകളും ദൈവത്തിനു മഹത്വം കൊടുക്കുന്നതാകണം. മറ്റുള്ളവർക്കു ബോദ്ധ്യമെന്നു തോന്നുന്ന ജീവിത വിശുദ്ധി നാം പുറത്തുള്ളവർക്കു കാണിച്ചു കൊടുക്കണം.

ഇന്നു ലോകത്തിനു അത്യന്താപേക്ഷിതമായ സഹമനുഷ്യരോടുള്ള മനസലിവ് നാം കാണിച്ചു കൊടുക്കണം. ഇടയനി

ല്ലാത്ത ആടുകളെപ്പോലെ ചിതറി കിടക്കുന്ന ആളുകൾക്ക് അനുകമ്പ ആവശ്യമാണ്. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അതു കാണിച്ചതാണ്. ശേഷിച്ച മനുഷ്യരോട് നാം മനസലിവു കാണിച്ചു അവരെ ദൈവത്തോട് അടുക്കുവാൻ നാം മാതൃക കാണിച്ചു കൊടുക്കണം. സ്നേഹമുള്ളവർക്കേ മനസ്സലിവു കാണിച്ചു കൊടുക്കാൻ കഴിയൂ. നിങ്ങളും ഞാനും യേശുക്രിസ്തുവിനെ അനുഗമിക്കുന്നവരാണ്. അവർ നമ്മെ പഠിപ്പിച്ചതു നാം മറ്റുള്ളവരോടുള്ള ബന്ധത്തിൽ അനുവർത്തിക്കണം.

പിന്നെ നാം മറ്റൊരു കാര്യം ചെയ്യേണ്ടതു, ക്രിസ്തു ലോകത്തിന്റെ പ്രത്യാശയാണ്. പ്രാരംഭക്രിസ്ത്യാനികൾ അതു ലോകത്തിനു കാണിച്ചു കൊടുത്തു. പ്രത്യാശ എന്നാൽ കാണുന്നതല്ല, കാണാത്തതാണ്. ലോകത്തുള്ള ആളുകൾക്ക് പ്രത്യാശയില്ല. കാരണം അവർക്കു സത്യം അറിയുകയില്ല. ഈ ജീവിതത്തിൽ ഭൗതികമായവയിൽ ആശ വെച്ചുകൊണ്ടിരിക്കുന്നവർക്കു അതു നഷ്ടമാകുമ്പോൾ നിരാശയാണ് അനുഭവപ്പെടുന്നത്. എന്നാൽ ആത്മാവിന്റെ നഷ്ടം അവർക്കറിഞ്ഞുകൂടാ. നിത്യജീവന്റെ നഷ്ടം അവർക്ക് അജ്ഞാതമാണ്. അവർക്ക് ഈ ലോകജീവിതത്തിനപ്പുറമായി മറ്റൊരു കാഴ്ച്ചപ്പാടില്ല. അവരിൽ നിന്നും നാം വ്യത്യസ്തരാകണം (1 കൊരിന്ത്യർ 15:19). നമ്മുടെ ഈ ഭൗതിക ശരീരത്തിനുപകരം നശിക്കാത്ത ശരീരം ദൈവം നമുക്കു തരും. വരുവാനുള്ള ലോകത്തിലാണെന്നു മാത്രം. ക്രിസ്തുവിൽ വിശ്വസിച്ച് അവന്റെ ഉപദേശം ഹൃദയപൂർവ്വം അനുസരിച്ചാൽ പ്രത്യാശയും സിദ്ധതയും ഉറപ്പാണ്. ഭാവിയിൽ നമുക്കു തരാമെന്നു പറഞ്ഞ വാഗ്ദാനങ്ങളിൽ നാം ഉറച്ചു വിശ്വസിക്കണം. ദൈവം വിശ്വസ്തനാണ്. അവസാനത്തോളം നാം വിശ്വസ്തതയിൽ ജീവിച്ചാൽ മാത്രമേ അവസാനം അവന്റെ വരവിൽ നമുക്കു കാത്തിരിപ്പിന്റെ അനുഗ്രഹം അനുഭവിക്കാൻ കഴിയൂ.

പൂർണ്ണബോധ്യവും നിശ്ചയവുമുള്ള ക്രിസ്ത്യാനികളിലേ ആ വിശ്വാസം ഉണ്ടാകുകയുള്ളൂ. വിശ്വാസത്തിനനുസരിച്ച ജീവിതത്തിനേ വ്യത്യാസം വരുത്തുവാൻ കഴിയൂ. അതിനു വേണ്ടതു

നല്ലൊരു മനസും ഉറച്ച നിലപാടും ആണ്. വിവേകത്തോടെ ബൈബിൾ പഠിക്കുന്നവർക്കു ദൈവത്തിന്റെ ഉദ്ദേശം വ്യക്തമാകും. അവർ ദൈവേഷ്ടം മനസിലാക്കും. പഠിക്കുന്ന പാഠങ്ങൾ നാം ജീവിതത്തിൽ പകർത്തണം. നിർദ്ദേശങ്ങൾ, കല്പനകൾ, ഉപദേശങ്ങൾ, ഉദാഹരണങ്ങൾ, ഉപമകൾ എല്ലാം നമ്മുടെ പ്രയോജനത്തിനായിട്ടാണ് നൽകിയിരിക്കുന്നത്.

ഒരു വ്യക്തി എന്ന നിലയ്ക്ക് വ്യത്യാസം ലോകത്തിൽ മാത്രമല്ല, സഭയിലും കാണിക്കാൻ പറ്റും. എന്റെ സഹോദരനെയും സഹോദരിയെയും ആത്മീയ ജീവിതം വിശ്വസ്തതയോടെ ആയിരിക്കണമെന്ന് അവരെ പ്രബോധിപ്പിക്കുവാനുള്ള ഉത്തരവാദിത്വം എനിക്കുണ്ട്. ക്രിസ്തുവിനു വേണ്ടിയുള്ള എന്റെ എരിവ് മറ്റു സഹോദരങ്ങൾ കാണണം. എന്റെ വാക്കുകൾ, എന്റെ സ്വഭാവം, എന്റെ പെരുമാറ്റം എന്നിവയൊക്കെ മറ്റു സഹോദരങ്ങൾക്കു ആത്മിക വർദ്ധന വരുത്തണം. ബലഹീന സഹോദരങ്ങളെ ഞാൻ ബലപ്പെടുത്തണം. എനിക്കു കർത്താവിനോടുള്ള സമർപ്പണവും പ്രതിജ്ഞാബന്ധമായ കടമയും ഞാൻ നിർവ്വഹിക്കണം. എന്നെ മറ്റുള്ളവർ നോക്കുന്നുണ്ട് എന്നു ഞാൻ അറിയണം. അവർ എന്നിൽ നിന്നു ചിലതു പ്രതീക്ഷിക്കുന്നുണ്ട്. ആ പ്രതീക്ഷ ഞാൻ അസ്ഥാനത്താക്കരുത്. ഊർജ്ജസ്വലമായ എന്റെ ക്രിസ്തീയ പ്രവർത്തനം മറ്റുള്ളവർക്കു പാഠമായിത്തീരണം.

യേശുക്രിസ്തുവും അപ്പൊസ്തലന്മാരും, ആദ്യ ക്രിസ്ത്യാനികളും ആ മാതൃകയാണ് നമുക്ക് നൽകിയിരിക്കുന്നത്. പുതിയ നിയമപ്രകാരം വിശ്വാസം, ആരാധന, പരിശീലനം എന്നിവ സ്വീകരിക്കുവാൻ എല്ലാവരും തയ്യാറാകുന്നു. ഈ അവസരം ഒരിക്കലും നഷ്ടമാകാതിരിക്കും.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro. P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!